# ഗവ യു പി സ്കൂൾ ഊരൂട്ടമ്പലം



EDUCATION FOR ALL

Govt. U.P.S. Ooruttambalam

# ചിരാത്

## അക്കാദമിക മാസ്റ്റർ പ്ലാൻ

2022-23

# ഗവ യു പി സ്കൂൾ ഊരൂട്ടമ്പലം




# ചിരാത്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2022-23

# ആമുഖം

''ഒരു ശിശുവിന്റെ ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം.'' - ഗാന്ധിജി

''ലോകം മാറ്റിമറിക്കാൻ നിങ്ങൾക്കുപയോഗിക്കാവുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം .'' - നെൽസൻ മണ്ടേല

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ വിളിച്ചോതുന്നവയാണ് മുകളിൽ കളിൽ കൊടുത്തിരിക്കുന്ന രണ്ടു വാക്യങ്ങളും . കാലങ്ങളിലൂടെ യാത്ര ചെയ്യുന്നവരാണ് നാം ഓരോരുത്തരം . ഈ യാത്രയിൽ നാം അറിവും അനുഭവങ്ങളും സ്വായത്തമാക്കുന്നു. നാം സ്വായത്തമാക്കുന്ന അറിവിനും അനുഭവങ്ങൾക്കുമപ്പുറമായി ചാക്രികമായ അറിവിന്റെ കൊടുക്കൽ വാങ്ങലുകൾക്ക് കൂടുതൽ സാധ്യതതയൊരുക്കുന്ന സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ. അജ്ഞതയാകുന്ന അന്ധകാരമകറ്റി നിരാലംബരും നിർദ്ധനരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സാധാരണ മനുഷ്യന് അറിവിന്റെ വെളിച്ചം പകർന്നുനൽകിയതിൽ പൊതു വിദ്യാലയങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്.വരേണ്യവർഗത്തിന്റെ അടയാളമായിരുന്ന അറിവിനെ അധസ്ഥിതരുടെ പടവാളാക്കി മാറ്റുകയാണ് വിദ്യാലയങ്ങൾ ചെയ്തത്.മണ്ണിനോട് മല്ലിടുന്ന ,അറിവ് നിഷേധിക്കപ്പെട്ട മണ്ണിന്റെ മക്കൾക്ക് ഒരു കാലത്ത് അപ്രാപ്യമായിരുന്ന വിദ്യയെ അവർക്കിടയിൽ സാർ വത്രികമാക്കുന്നതിൽ ഈ വിദ്യാലയം വഹിച്ച പങ്ക് കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ തങ്കലിപികളാൽ രചിക്കപ്പെട്ടതാണ്.

ഊരൂട്ടമ്പലത്തിന്റെ ചരിത്രത്തിൽ നിർണായക സ്വാധീനം ചെലുത്തിയ ഗവ യു പി സ്കൂൾ ഈ പ്രദേശത്തെ നിരവധി സാമൂഹിക സാംസ്കാരിക നായകൻമാർക്ക് അക്ഷരവെളിച്ചം നൽകി ഇന്നും കെടാവിളക്കായി നില നിൽക്കുന്നു. ഒരു കാലഘട്ടത്തിൽ ഈ വിദ്യാലയം അധ:പതനത്തിലേയ്ക്കു നീങ്ങിയെങ്കിലും ഇന്നു വളർച്ചയുടെ പന്ഥാവിലാണ്. മുഖ്യമന്ത്രിയുടെയും

എം എൽ എ യുടെയും പ്രത്യേക വികസന ഫണ്ടുപയോഗിച്ചു പണി കഴിപ്പിക്കുന്ന ബഹുനില മന്ദിരത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ പൂർ ത്തിയായി വരുന്നു.ഈ വിദ്യാലയത്തിലെത്തുന്ന ഓരോ കുഞ്ഞിനും ലോകത്തെവിടെയുമുള്ള അവന്റെ പ്രായത്തിലുള്ള ഒരു കുഞ്ഞുമായി സംവദിക്കുന്നതിനുള്ള അറിവ് ലഭിക്കേണ്ടത് അവന്റെ അവകാശമാണ്. കുട്ടികളുടെ ഈ അവകാശം പ്രാപ്യമാക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ്

വിദ്യാലയം . ഇതു സാധ്യമാകണമെങ്കിൽ വിദ്യാലയത്തിന്റെ ഭൗതീക സാഹചര്യങ്ങളിലും പഠനരീതികളിലും നിരവധി മാറ്റങ്ങൾ മനപൂർവമായി വരുത്തേണ്ടതുണ്ട് . ഇന്നു ഈ വിദ്യാലയം പ്രയോജനപ്പെടുന്നത് ഇവിടെ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കു മാത്രമാണ്. എന്നാൽ സമൂഹത്തിലെ ഒരോ വ്യക്തിക്കും അറിവുനേടാൻ സാഹചര്യമുള്ള ഒരു വിദ്യാലയമാണ് ഞങ്ങളുടെ ലക്ഷ്യം .

- 2030 ഓടെ ഊരൂട്ടമ്പലം ഗവ യു പി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാലയമാക്കി ഉയർത്തുക .
- വിദ്യാർത്ഥികളുടെ എണ്ണം177 ൽ നിന്നും 500 ആക്കി ഉയർത്തുക.
- അറിവിന്റെ നിർമാണത്തിനാവശ്യമായ ഭൗതീക സാഹചര്യങ്ങൾ ഒരുക്കുക.
- വിദ്യാലയത്തിലെത്തുന്ന എല്ലാ വിദ്യാർത്ഥികളും മലയാളം , ഇംഗ്ലീഷ് , ഹിന്ദി , സംസ്കൃതം എന്നീ ഭാഷകൾക്കു പുറമേ ഏതെങ്കിലും ഒരു വിദേശ ഭാഷയും അനായസമായി കൈകാര്യം ചെയ്യുക.
- കല, കായികം എന്നിവയിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികളെ വാർത്തെടുക്കുക .
- മത്സര പരീക്ഷകളിൽ മികവു പുലർത്തുന്നതിനായി വിദ്യാർത്ഥികളെ സജ്ജരാക്കുക .
- വിദ്യാലയത്തെ ഒരു സാമൂഹിക പഠനകേന്ദ്രമാക്കി ഉയർത്തുക .

ടി ലക്ഷ്യങ്ങൾക്കു ഊന്നൽ നൽകി വിദ്യാലയ വികസനത്തിന്റെ ഡി പി ആർ വിഷൻ 2030 എന്ന പേരിൽ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

## ചരിത്രം

1882 ൽസ്ഥാപിതമായതും അതീവ ചരിത്രപ്രാധാന്യമുള്ളതുമായ പൊതു വിദ്യാലയമാണ് ഗവ യു പി സ്കൂൾ ഊരൂട്ടമ്പലം . ഊരൂട്ടമ്പലം കാട്ടാക്കട റോഡിൽ ജംഗ്ഷനിൽ നിന്നും നൂറ് മീറ്റർ അകലെ ഇന്നത്തെ എസ് ബി ഐ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരു കുടിപ്പള്ളിക്കൂടമായി ഈ വിദ്യാലയം ആരംഭിച്ചു. വെള്ളൂർക്കോണം പരമേശ്വരപിള്ളയായിരുന്നു ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ . വർഷങ്ങളോളം കുടിപ്പള്ളിക്കൂടമായി പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയം 1910 ൽ സർക്കാർ ഏറ്റെടുത്തു. സർക്കാർ ഏറ്റെടുത്തതോടെ ആൺ , പെൺ പള്ളിക്കൂടമായി വേർതിരിച്ച് ഇന്നത്തെ എൽ പി സ്കൂൾ പ്രവർത്തിക്കുന്നിടത്ത് ആൺ പള്ളിക്കൂടവും യു പി

സ്കൂളിരിക്കുന്നിടത്തു പെൺപള്ളിക്കൂടവുമായി പ്രവർത്തനം തുടർന്നു. . അന്നത്തെ സാഹചര്യങ്ങളിൽ പട്ടിക ജാതിക്കാർക്ക് പൊതു വിദ്യാലയങ്ങളിൽ ചേർന്നു പഠിക്കുന്നതിനുള്ള അനുവാദമില്ലായിരുന്നു. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ പ്രജാസഭയിൽ അംഗമായിരുന്ന അയ്യൻകാളി പട്ടികജാതിക്കാർക്ക് പൊതു വിദ്യാലയങ്ങളിൽ ചേർന്നു പഠിക്കുന്നതിനുള്ള ഉത്തരവ് നേടിയെടുത്തു. എന്നാൽ ഉത്തരവു നടപ്പിലാക്കാൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറായില്ല . മഹാരാജാവിന്റെ ഉത്തരവു നടപ്പിലാക്കാത്ത വിദ്യാഭ്യാസ വകുപ്പിന്റെയും വിദ്യാലയാധികൃതരുടെയും നടപടിയിൽ പ്രതിഷേധിച്ച് പൂജാരി അയ്യനെന്ന പട്ടികജാതിക്കാരന്റെ മകൾ പഞ്ചമിയെയും കൂട്ടി ഊരൂട്ടമ്പലം പെൺ പള്ളിക്കൂടത്തിൽ കുറെ അനുയായികളുമായി അയ്യൻകാളി എത്തി സവർ ണ വിദ്യാർത്ഥികളോടൊപ്പം പഞ്ചമിയെയും പഠിക്കാനിരുത്തി .സവർണർ അയ്യൻകാളിയെയും കൂട്ടരെയും വളഞ്ഞിട്ട് ആക്രമിക്കുകയും ഊരൂട്ടമ്പലം സ്കൂൾ തീയിട്ടു നശിപ്പിക്കുകയും ചെയ്തു . അന്ന് തീവയ്ക്കപ്പെട്ട സ്കൂളിന്റെ ഓർമ നില നിർത്തിക്കൊണ്ട് ഒരു ബഞ്ച് നിധി പോലെ ഇന്നും വിദ്യാലയത്തിൽ സംരക്ഷിക്കപ്പെടുന്നു. നാട്ടിലെ സുമനസുകളുടെ ശ്രമഫലമായി ഓല ഷെഡ് കെട്ടി അധ്യയനം പുനരാരംഭിച്ചു. നാട്ടുകാരുടെ ശ്രമഫലമായി 1963 ൽ യു പി സ്കൂളായി ഉയർത്തപ്പെട്ടു. പ്രവർത്തനമാരംഭിച്ച് 140 വർഷങ്ങൾ പിന്നിടുമ്പോൾ ഊരൂട്ടമ്പലത്തിന്റെ വൈജ്ഞാനിക മേഖലയിൽ ഒരു നിറസാന്നിധ്യമായി മാറാൻ ഈ വിദ്യാലത്തിന് കഴിഞ്ഞിട്ടുണ്ട്. പരിമിതികൾക്കു നടുവിൽ നിന്നുകൊണ്ട് ഈ വിദ്യാലയത്തിലെത്തുന്ന കുരുന്നുകൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകി അനസ്യൂതം യാത്ര തുടരുന്നു......

## നിലവിൽ വിദ്യാലയം - മികവുകളും പരിമിതികളും

നിലവിൽ വിദ്യാലയത്തിൽ യു പി വിഭാഗം മാത്രമാണുള്ളത് . 5,6 & 7 ക്ലാസുകളിലെ ആറ് ഡിവിഷനുകളിലായി 177 വിദ്യാർത്ഥികളും പ്രഥമാധ്യാപകൻ ഉൾപ്പെടെ എട്ട് അധ്യാപകരുമുണ്ട്. ഇംഗ്ലീഷ് മീഡിയം മലയാളം മീഡിയം ക്ലാസുകൾ പ്രവർത്തിക്കുന്നെണ്ടെങ്കിലും മലയാളം മീഡിയം നാമമാത്രമായ വിദ്യാർത്ഥികൾ മാത്രമാണ് പഠനത്തിനായി തെരഞ്ഞെടുക്കുന്നത് . മുഖ്യമന്ത്രി , എം എൽ എ എന്നിവരുടെ പ്രത്യേക ഫണ്ടുപയോഗിച്ച് പണികഴിപ്പിച്ച ബഹു നില മന്ദിരത്തിന്റെ പണി

പൂർത്തിയായെങ്കിലും പഠനത്തിനായി തുറന്നുകൊടുക്കാത്തത് അക്കാദമിക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിൽ തടസം സൃഷ്ടിക്കുന്നു. അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ മികവുറ്റതാക്കി മാറ്റുന്നതിനായി വിദ്യാർത്ഥി (SCOrE -Students Curriculum Oriented Empowerment ) ,രക്ഷാകർതതാവ് ( PALM – Parent As Life Mentors ), അധ്യാപക (STEP – School Teachers Empowerment Programme ) ശാക്തീകരണ പരിപാടി BUILD (Brain Utilisation In Learning and Development ) എന്ന പേരിൽ നടപ്പിലാക്കി വരുന്നു.

വിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടിയിലും പഠനനേട്ടങ്ങൾ എത്തിക്കുന്നതിനായി എല്ലാ ആഴ്ചയിലും എസ് ആർ ജി ചേരുകയും പഠന പ്രവർത്തനങ്ങൾ വിശകലനം ചെയ്യുകയും ചെയ്യുന്നു.ഓരോ ദിവസവും അധ്യാപകർ ക്ലാസ് മുറികളിൽ നൽകുന്ന പ്രവർത്തനം എത്രത്തോളം വിദ്യാർത്ഥികൾ സ്വാംശീകരിച്ചുവെന്ന് തിരിച്ചറിയുന്നതിനായി എസ് ആർ ജി യുടെ നേതൃത്വത്തിൽ പാഥേയം എന്ന പേരിൽ ഗൂഗിൾ ഫോം തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ദിവസവും അധ്യാപകർ ഗൂഗിൾഫോം പൂർത്തിയാക്കുകയും രാത്രി 12 മണിക്കു മുൻപായി സബ്മിറ്റ് ചെയ്തും വരുന്നു. പുസ്തക വായന പരിപോഷിപ്പിക്കുന്നതിനായി പുസ്തകചങ്ങാതി എന്ന പേരിൽ പ്രത്യേക വായന പരിപാടി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ക്ലാസ് ലൈബ്രറി സജ്ജമാക്കുകയും ഓരോ ക്ലാസിലും കുട്ടിലൈബ്രേറിയൻമാരെ നിയമിക്കുകയും ചെയ്തു. വായനയുടെ പീരീഡിൽ കുട്ടിലൈബ്രേറിയൻമാർ കുട്ടികൾക്ക് വായനയ്ക്കായി പുസ്തകം വിതരണം ചെയ്യുന്നു, അതോടൊപ്പം വീട്ടിൽ കൊണ്ടുപോയി വായിക്കുന്നതിനായി ക്ലാസധ്യാപരുടെ നേതൃത്വത്തിൽപുസ്തകങ്ങൾ വിതരണം ചെയ്യുന്നു . അമ്മമാരുടെ വായന പരിപോഷിപ്പിക്കുന്നതിനായി അമ്മവായനയും നടപ്പിലാക്കി വരുന്നു . കായിക കലാപരിപോഷണത്തിനായി കരാട്ടെ , സ്പോർട്സ് , സംഗീതം ചിത്രരചന , ഡാൻസ് എന്നിവയ്ക്കായി പ്രത്യേക ക്ലാസുകൾ ക്രമീകരിച്ചിട്ടുണ്ട്. വളരെ സജീവമായി പ്രവർത്തിക്കുന്ന എസ് എം സി , പി റ്റി എ , എം പി റ്റി എ എന്നീ സംഘടനകളുടെ നേതൃത്വത്തിൽ സ്കൂൾ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

പി റ്റി എ യുടെ നേതൃത്വത്തിൽ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഭൗതീക മേഖലയിൽ ഇനിയും ഏറെ മെച്ചപ്പെടലുകൾ

നടക്കേണ്ടതുണ്ട്. ഉച്ചഭക്ഷണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ പാചകപ്പുര , ഊട്ടുപ്പുര , പൊതുയോഗങ്ങൾ സംഘിപ്പിക്കുന്നതിനുള്ള ഓഡിറ്റോറിയം , പഠനത്തിനുപയോഗപ്പെടുത്താൻ പര്യാപ്തമായ ജൈവവൈവിധ്യമായ ഉദ്യാനം, സ്മാർട്ട് ക്ലാസ് മുറികൾ തുടങ്ങിയവ ഇന്നും സ്വപ്നമായി അവശേഷിക്കുന്നു.

കോവിഡ് സൃഷ്ടിച്ച പഠനവിടവും പഠനനഷ്ടവും കുട്ടികളുടെ പഠനത്തെ സാരമായി ബാധിച്ചിട്ടുണ്ട് . ഇവിടെ പഠനം നടത്തുന്ന വിദ്യാർത്ഥികളിൽ അധികവും സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരാണ്.ആയതിനാൽ വിദ്യാലയ പ്രവർത്തനങ്ങളുടെ തുടർച്ചയായി വീട്ടിൽ നടക്കേണ്ട പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനോ കുഞ്ഞുങ്ങളെ കൊണ്ട് ചെയ്യിക്കുന്നതിനോ രക്ഷാകർത്താക്കൾ ശ്രമിക്കുന്നില്ല ഇതു കുഞ്ഞുങ്ങളുടെ പഠനനിലവാരം മെച്ചപ്പെടുന്നതിനെ സാരമായി ബാധിക്കുന്നുണ്ട് .കുട്ടികളിൽ അവസ്ഥാ പഠനം നടത്തി അവരിലെ പ്രശ്നങ്ങൾ കണ്ടെത്തിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് . വിദ്യാലത്തിലെത്തിയ അവസാനത്തെ കുട്ടിയെയും മികവിലേയ്ക്കുയർത്തുകയാണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ആത്യന്തികമായ ലക്ഷ്യം .എസ് ആർ ജി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ എസ് എം സി , പി ടി എ , എം പി ടി എ സംയുക്തയോഗത്തിൽ അവതരിപ്പിച്ച് ചർച്ച ചെയ്താണ് അന്തിമ രൂപം തയ്യാറാക്കിയിരിക്കുന്നത് .

## കുട്ടികളുടെ എണ്ണം

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2019-20 | 127 |
| 2020-21 | 133 |
| 2021-22 | 168 |
| 2022-23 | 177 |

കഴിഞ്ഞ കുറച്ചു വർഷങ്ങളായി കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നെങ്കിലും ഡിവിഷനുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്ന തരത്തിൽ എണ്ണം വർദ്ധിക്കുന്നില്ലായെന്നു മാത്രമല്ല

എൽ പി സ്കൂളിൽ പഠനം പൂർത്തിയാക്കുന്ന മുഴുവൻ കുട്ടികളും യു പി സ്കൂളിൽ പ്രവേശനം നേടുന്നില്ലായെന്നതും ഇവിടത്തെ പ്രത്യേകതയാണ്. 5,6& 7 ക്ലാസുകളിലേയ്ക്കു മാത്രമായി പ്രവേശനം എടുക്കുന്നതിന് മടികാണിക്കുന്നുവെന്നു മാത്രമല്ല മുതിർന്ന കുട്ടികൾ പഠനം പൂർത്തിയാക്കുമ്പോൾ താഴ്ന്ന ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ ടി സി വാങ്ങുന്ന പ്രവണതയും നിലനിൽക്കുന്നതിനാൽ കുട്ടികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടാകുന്നില്ല. വിദ്യാലയ മികവുകൾ ഫലപ്രദമായി പൊതു സമൂഹത്തിലെത്താത്തതും വിദ്യാഭ്യാസത്തെക്കുറിച്ച് പൊതു സമൂഹത്തിനുള്ള വികല സങ്കല്പങ്ങളും മിഥ്യാ ധാരണകളും അൺ എയ്ഡഡ് വിദ്യാലയങ്ങളെ അപേക്ഷിച്ച് പൊതുവിദ്യാലയങ്ങൾക്കുള്ള മേന്മകൾ വിദ്യാലയവുമായി ബന്ധമില്ലാത്ത രക്ഷിതാക്കൾക്കു ഇനിയും ബോധ്യപ്പെടാത്തതും കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങളാണ് .ഈ പ്രശ്നങ്ങൾ  പരിഹരിക്കുന്ന തരത്തിലേയ്ക്കു വിദ്യാലത്തിന്റെ ഭൗതീക സാഹചര്യങ്ങളും അക്കാദമിക നിലവാരവും ഇനിയും മെച്ചപ്പെടേണ്ടതുണ്ട് .

## അധ്യാപകർ

| അധ്യാപകർ | എണ്ണം | സ്ഥിരം / താല്കാലികം |
|---|---|---|
| പ്രഥമാധ്യാപകൻ | 1 | സ്ഥിരം |
| യു പി എസ് ടി | 6 | സ്ഥിരം |
| ജൂനിയർ ഹിന്ദി | 1 | സ്ഥിരം |
| ജൂനിയർ സംസ്കൃതം | 1 | സ്ഥിരം |
| പ്രവൃത്തിപരിചയം | 1 | പുനർ വിന്യാസം |
| സംഗീതം | 1 | താല്കാലികം |
| ഫിസിക്കൽ എഡ്യൂക്കേഷൻ | 1 | താല്കാലികം |
| ഡ്രോയിംഗ് | 1 | താല്കാലികം |

ഇവിടെ അധ്യാപകരായി പ്രവർത്തിക്കുന്നവരിൽ ഭൂരിഭാഗവും അധ്യാപന മേഖലയിൽ അഞ്ചു വർഷത്തിനു താഴെ പ്രവർത്തിപരിചയമുള്ളവരാണ് . കോവിഡ് നഷ്ടമാക്കിയ പരിശീലനങ്ങൾ , നിലവിലെ പാഠ്യപദ്ധതി പരിചയമില്ലായ്മ , പാഠാസൂത്രണത്തിലെ

പരിചയക്കുറവ് തുടങ്ങിയവ സാമൂഹ്യ ജ്ഞാനനിർമിതിയിലധിഷ്ഠിതമായ ക്ലാസ് റൂം പ്രവർത്തനങ്ങൾ കുഞ്ഞുങ്ങളിലെത്തിക്കുന്നതിന് തടസം സൃഷ്ടിക്കുന്നു. ശാസ്ത്ര – ഗണിത വിഷയങ്ങളിൽ സാമാന്യവൽകരണം, പ്രശ്ന നിർദ്ധാരണം , പ്രശ്ന വിശകലനം , നിരീക്ഷണം , പരീക്ഷണം രൂപകല്പന ചെയ്യൽ , നിഗമന രൂപീകരണം തുടങ്ങിയ പ്രക്രിയാ ശേഷികൾ വളരുന്നതിനാവശ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നൽകുന്നതിൽ അധ്യാപകർക്കു പ്രായോഗിക പരിശീലനം ഇനിയും ലഭിക്കേണ്ടതുണ്ട്. ഭാഷയിൽ മലയാളം , ഇംഗ്ലീഷ് , ഹിന്ദി , സംസ്കൃതം എന്നിവ തെറ്റുകൂടാതെ എഴുതുന്നതിനും വായിക്കുന്നതിനും ഓരോ വ്യവഹാരരൂപങ്ങളും ഉപയോഗിക്കേണ്ട സാഹചര്യത്തിൽ ഫലപ്രദമായി ഉപയോഗിക്കുന്ന തരത്തിലുള്ള പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ ഭാഷാധ്യാപകർക്കു ഇനിയും പരിശീലനം ലഭിക്കേണ്ടതുണ്ട്. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങൾ / ലാബുകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലും അധ്യാപകർ ഇനിയും മെച്ചപ്പെടേണ്ടതുണ്ട് . അധ്യാപകരിലെ ഈ പ്രശ്നങ്ങൾ വിദ്യാലയത്തിൽ തന്നെ പരിഹരിച്ച് അധ്യാപകരെയും വിദ്യാർത്ഥികളെയും മികവിലേയ്ക്കുയർത്തുന്ന പരിപാടിയാണ് STEP.

## പൊതു ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും മാതൃഭാഷ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.
- വായനക്കുറിപ്പ് തയ്യാറാക്കിന്നതിൽ മികവ് പുലർത്തുക
- ദൈനംദിന സംഭവങ്ങൾ വൈകാരികമായി രേഖപ്പെടുത്തുന്നതിൽ മികവു പുലർത്തുക
- Enable the children to read and write
- Reproduce stories
- Develop interest in writing review of books
- Enable children to express thoughts and feelings
- സ്ഫുടതയോടും ആശയ വ്യക്തതയോടും സംഭാഷണങ്ങളിൽ ഏർപ്പെടുക
- പരിചയപ്പെട്ട സംസ്കൃത പദങ്ങൾ ഉൾപ്പെടുത്തി നിഘണ്ടു നിർമിക്കുക
- സ്വായത്തമാക്കിയ സംസ്കൃത അക്ഷരങ്ങൾ , വാക്കുകൾ എന്നിവ ഉപയോഗപ്പെടുത്തി അർത്ഥപൂർണമായ വാക്യങ്ങൾ എഴുതുക
- ഹിന്ദിയിൽ കത്തെഴുതാൻ പ്രാപ്തി നേടുക

- ഭൂഖണ്ഡങ്ങൾ തിരിച്ചറിയുക
- കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതി തിരിച്ചറിയുക
- ചരിത്രരചനയ്ക്കു കുട്ടികളെ പ്രാപ്തരാക്കുക
- പരീക്ഷണങ്ങൾ കൃത്യതയോടെ ആസൂത്രണം ചെയ്യാൻ കഴിയുന്നു
- ജൈവവൈവിധ്യ ഉദ്യാനം വിവിധ വിഷയങ്ങളുടെ പഠനത്തിനായി ഉപയോഗപ്പെടുത്തുന്നു
- വിവിധ ശാസ്ത്രോപകരണങ്ങൾ നിർമിക്കാൻ കഴിയുന്നു
- ഒരു പ്രശ്നം കൃത്യതയോടെ വിശകലനം ചെയ്ത് പരിഹരിക്കാൻ കഴിയുന്നു
- എല്ലാ കുട്ടികളിലും ചതുഷ്ക്രിയ ഉറപ്പിക്കുക
- സ്ഥാനവില കൃത്യമായി കുട്ടികൾ തിരിച്ചറിയുന്നു
- ഭിന്നസംഖ്യ ഉറപ്പിക്കൽ

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പ്രവർത്തനം | മാസം | ചുമതല |
|---|---|---|---|
| 1 | മധുരം മലയാളം | ജൂലൈ | ഭാഷാധ്യാപിക |
| 2 | മധുരവായന | ജൂലൈ | ഭാഷാധ്യാപിക |
| 3 | ഡയാറിയം | ജൂലൈ | ഭാഷാധ്യാപിക |
| 4 | Hello apple...apple | ജൂലൈ | ഇംഗ്ലീഷ് അധ്യാപിക |
| 5 | Let's recapitulate the day | ജൂലൈ | ഇംഗ്ലീഷ് അധ്യാപിക |
| 6 | മധുരമൊഴി | ജൂലൈ | സംസ്കൃതാധ്യാപി |
| 7 | നമുക്കു സംസാരിക്കാം | ജൂലൈ | സംസ്കൃതാധ്യാപിക |
| 8 | അമൃതം ഗമയ | ജൂലൈ | സംസ്കൃതാധ്യാപിക |
| 9 | അക്ഷരമധുരം | ജൂലൈ | ഹിന്ദി അധ്യാപിക |
| 10 | ബോലോ...ബോലോ... | ജൂലൈ | ഹിന്ദി അധ്യാപിക |
| 11 | ഭൂപട വായന | ജൂലൈ | എസ് എസ് അധ്യാപിക |
| 12 | പരീക്ഷണക്കുറിപ്പ് തയ്യാറാക്കാം | ജൂലൈ | ശാസ്ത്രാധ്യാപിക |
| 13 | ജൈവവൈവിധ്യ ഉദ്യാനം ഒരു പഠനോപകരണം | ജൂലൈ | ശാസ്ത്രാധ്യാപിക |
| 14 | നിർമിക്കാം... വിശദീകരിക്കാം | ജൂലൈ | ശാസ്ത്രാധ്യാപിക |
| 15 | അന്വേഷിക്കാം.... പരിഹരിക്കാം | ജൂലൈ | ശാസ്ത്രാധ്യാപിക |
| 16 | പഠിക്കാം ....... മുന്നേറാം | ജൂലൈ | ശാസ്ത്രാധ്യാപിക |
| 17 | മധുരം ഗണിതം | ജൂലൈ | ഗണിതാധ്യാപിക |
| 18 | മധുരം മലയാളം | ആഗസ്റ്റ് | ഭാഷാധ്യാപിക |
| 19 | മധുരവായന | ആഗസ്റ്റ് | ഭാഷാധ്യാപിക |
| 20 | ഡയാറിയം | ആഗസ്റ്റ് | ഭാഷാധ്യാപിക |
| 21 | Hello apple...apple | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപിക |
| 22 | Let's recapitulate the day | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപിക |
| 23 | മധുരമൊഴി | ആഗസ്റ്റ് | സംസ്കൃതാധ്യാപി |
| 24 | നമുക്കു സംസാരിക്കാം | ആഗസ്റ്റ് | സംസ്കൃതാധ്യാപിക |

| | | | |
|---|---|---|---|
| 25 | അമൃതം ഗമയ | ആഗസ്റ്റ് | സംസ്കൃതാധ്യാപിക |
| 26 | അക്ഷരമധുരം | ആഗസ്റ്റ് | ഹിന്ദി അധ്യാപിക |
| 27 | ബോലോ...ബോലോ... | ആഗസ്റ്റ് | ഹിന്ദി അധ്യാപിക |
| 28 | ഭൂപട വായന | ആഗസ്റ്റ് | എസ് എസ് അധ്യാപിക |
| 29 | പരീക്ഷണക്കുറിപ്പ് തയ്യാറാക്കാം | ആഗസ്റ്റ് | ശാസ്ത്രാധ്യാപിക |
| 30 | ജൈവവൈവിധ്യ ഉദ്യാനം ഒരു പഠനോപകരണം | ആഗസ്റ്റ് | ശാസ്ത്രാധ്യാപിക |
| 31 | നിർമിക്കാം... വിശദീകരിക്കാം | ആഗസ്റ്റ് | ശാസ്ത്രാധ്യാപിക |
| 32 | അന്വേഷിക്കാം.... പരിഹരിക്കാം | ആഗസ്റ്റ് | ശാസ്ത്രാധ്യാപിക |
| 33 | പഠിക്കാം ....... മുന്നേറാം | ആഗസ്റ്റ് | ശാസ്ത്രാധ്യാപിക |
| 34 | മധുരം ഗണിതം | ആഗസ്റ്റ് | ഗണിതാധ്യാപിക |
| 35 | മധുരവായന | സെപ്തംബർ | ഭാഷാധ്യാപിക |
| 36 | സഞ്ചരിച്ച വഴികളിലൂടെ | സെപ്റ്റംബർ | ഭാഷാധ്യാപിക |
| 37 | ഡയാറിയം | സെപ്റ്റംബർ | ഭാഷാധ്യാപിക |
| 38 | Let's narrate...... | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപിക |
| 39 | Let's recapitulate the day | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപിക |
| 40 | നമുക്കു സംസാരിക്കാം | സെപ്റ്റംബർ | സംസ്കൃതാധ്യാപിക |
| 41 | അമൃതം ഗമയ | സെപ്റ്റംബർ | സംസ്കൃതാധ്യാപിക |
| 42 | എഴുത്തുപ്പുര | സെപ്റ്റംബർ | സംസ്കൃതാധ്യാപിക |
| 43 | ബോലോ...ബോലോ... | സെപ്റ്റംബർ | ഹിന്ദി അധ്യാപിക |
| 44 | എഴുത്തുക്കൂട്ടം | സെപ്റ്റംബർ | ഹിന്ദി അധ്യാപിക |
| 45 | കത്തെഴുതാം..... | സെപ്റ്റംബർ | ഹിന്ദി അധ്യാപിക |
| 46 | ഭൂപ്രകൃതിയിലൂടെ | സെപ്റ്റംബർ | എസ് എസ് അധ്യാപിക |
| 47 | പരീക്ഷണക്കുറിപ്പ് തയ്യാറാക്കാം | സെപ്റ്റംബർ | ശാസ്ത്രാധ്യാപിക |
| 48 | ജൈവവൈവിധ്യ ഉദ്യാനം ഒരു പഠനോപകരണം | സെപ്റ്റംബർ | ശാസ്ത്രാധ്യാപിക |
| 49 | നിർമിക്കാം... വിശദീകരിക്കാം | സെപ്റ്റംബർ | ശാസ്ത്രാധ്യാപിക |
| 50 | അന്വേഷിക്കാം.... പരിഹരിക്കാം | സെപ്റ്റംബർ | ശാസ്ത്രാധ്യാപിക |

| | | | |
|---|---|---|---|
| 51 | മധുരം ഗണിതം | സെപ്റ്റംബർ | ഗണിതാധ്യാപിക |
| 52 | മധുരവായന | ഒക്ടോബർ | ഭാഷാധ്യാപിക |
| 53 | സഞ്ചരിച്ച വഴികളിലൂടെ | ഒക്ടോബർ | ഭാഷാധ്യാപിക |
| 54 | ഡയറിയം | ഒക്ടോബർ | ഭാഷാധ്യാപിക |
| 55 | Let's narrate...... | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപിക |
| 56 | Let's recapitulate the day | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപിക |
| 57 | നമുക്കു സംസാരിക്കാം | ഒക്ടോബർ | സംസ്കൃതാധ്യാപിക |
| 58 | അമൃതം ഗമയ | ഒക്ടോബർ | സംസ്കൃതാധ്യാപിക |
| 59 | എഴുത്തുപ്പുര | ഒക്ടോബർ | സംസ്കൃതാധ്യാപിക |
| 60 | ബോലോ...ബോലോ... | ഒക്ടോബർ | ഹിന്ദി അധ്യാപിക |
| 61 | എഴുത്തുക്കൂട്ടം | ഒക്ടോബർ | ഹിന്ദി അധ്യാപിക |
| 62 | കത്തെഴുതാം..... | ഒക്ടോബർ | ഹിന്ദി അധ്യാപിക |
| 63 | ഭൂപ്രകൃതിയിലൂടെ | ഒക്ടോബർ | എസ് എസ് അധ്യാപിക |
| 64 | പരീക്ഷണക്കുറിപ്പ് തയ്യാറാക്കാം | ഒക്ടോബർ | ശാസ്ത്രാധ്യാപിക |
| 65 | ജൈവവൈവിധ്യ ഉദ്യാനം ഒരു പഠനോപകരണം | ഒക്ടോബർ | ശാസ്ത്രാധ്യാപിക |
| 66 | നിർമിക്കാം... വിശദീകരിക്കാം | ഒക്ടോബർ | ശാസ്ത്രാധ്യാപിക |
| 67 | അന്വേഷിക്കാം.... പരിഹരിക്കാം | ഒക്ടോബർ | ശാസ്ത്രാധ്യാപിക |
| 68 | പഠിക്കാം .....മുന്നേറാം ..... | ഒക്ടോബർ | ശാസ്ത്രാധ്യാപിക |
| 69 | സ്ഥാനവില നിർണയം | ഒക്ടോബർ | ഗണിതാധ്യാപിക |
| 70 | മധുരവായന | നവംബർ | ഭാഷാധ്യാപിക |
| 71 | ഡയറിയം | നവംബർ | ഭാഷാധ്യാപിക |
| 72 | Let's read | നവംബർ | ഇംഗ്ലീഷ് അധ്യാപിക |
| 73 | Let's recapitulate the day | നവംബർ | ഇംഗ്ലീഷ് അധ്യാപിക |
| 74 | നമുക്കു സംസാരിക്കാം | നവംബർ | സംസ്കൃതാധ്യാപിക |
| 75 | നിർമിക്കാം നിഘണ്ടു | നവംബർ | സംസ്കൃതാധ്യാപിക |
| 76 | അമൃതം ഗമയ | നവംബർ | സംസ്കൃതാധ്യാപിക |
| 77 | എഴുത്തുപ്പുര | നവംബർ | സംസ്കൃതാധ്യാപിക |
| 78 | ബോലോ...ബോലോ... | നവംബർ | ഹിന്ദി അധ്യാപിക |
| 79 | എഴുത്തുക്കൂട്ടം | നവംബർ | ഹിന്ദി അധ്യാപിക |

| | | | |
|---|---|---|---|
| 80 | കത്തെഴുതാം..... | നവംബർ | ഹിന്ദി അധ്യാപിക |
| 81 | ഭൂപ്രകൃതിയിലൂടെ | നവംബർ | എസ് എസ് അധ്യാപിക |
| 82 | പരീക്ഷണക്കുറിപ്പ് തയ്യാറാക്കാം | നവംബർ | ശാസ്ത്രാധ്യാപിക |
| 83 | ജൈവവൈവിധ്യ ഉദ്യാനം ഒരു പഠനോപകരണം | നവംബർ | ശാസ്ത്രാധ്യാപിക |
| 84 | നിർമിക്കാം... വിശദീകരിക്കാം | നവംബർ | ശാസ്ത്രാധ്യാപിക |
| 85 | അന്വേഷിക്കാം.... പരിഹരിക്കാം | നവംബർ | ശാസ്ത്രാധ്യാപിക |
| 86 | സ്ഥാനവില നിർണയം | നവംബർ | ഗണിതാധ്യാപിക |
| 87 | മധുരവായന | ഡിസംബർ | ഭാഷാധ്യാപിക |
| 88 | ഡയാറിയം | ഡിസംബർ | ഭാഷാധ്യാപിക |
| 89 | Let's read | ഡിസംബർ | ഇംഗ്ലീഷ് അധ്യാപിക |
| 90 | Let's recapitulate the day | ഡിസംബർ | ഇംഗ്ലീഷ് അധ്യാപിക |
| 91 | നമുക്കു സംസാരിക്കാം | ഡിസംബർ | സംസ്കൃതാധ്യാപിക |
| 92 | നിർമിക്കാം നിഘണ്ടു | ഡിസംബർ | സംസ്കൃതാധ്യാപിക |
| 93 | അമൃതം ഗമയ | ഡിസംബർ | സംസ്കൃതാധ്യാപിക |
| 94 | എഴുത്തുപ്പുര | ഡിസംബർ | സംസ്കൃതാധ്യാപിക |
| 95 | ബോലോ...ബോലോ... | ഡിസംബർ | ഹിന്ദി അധ്യാപിക |
| 96 | എഴുത്തുക്കൂട്ടം | ഡിസംബർ | ഹിന്ദി അധ്യാപിക |
| 97 | കത്തെഴുതാം..... | ഡിസംബർ | ഹിന്ദി അധ്യാപിക |
| 98 | നൂറ്റാണ്ട് തിരിച്ചറിയൽ | ഡിസംബർ | എസ് എസ് അധ്യാപിക |
| 99 | ചരിത്രരചന | ഡിസംബർ | എസ് എസ് അധ്യാപിക |
| 100 | പരീക്ഷണക്കുറിപ്പ് തയ്യാറാക്കാം | ഡിസംബർ | ശാസ്ത്രാധ്യാപിക |
| 101 | ജൈവവൈവിധ്യ ഉദ്യാനം ഒരു പഠനോപകരണം | ഡിസംബർ | ശാസ്ത്രാധ്യാപിക |
| 102 | നിർമിക്കാം... വിശദീകരിക്കാം | ഡിസംബർ | ശാസ്ത്രാധ്യാപിക |
| 103 | അന്വേഷിക്കാം.... പരിഹരിക്കാം | ഡിസംബർ | ശാസ്ത്രാധ്യാപിക |
| 104 | പഠിക്കാം .....മുന്നേറാം ..... | ഡിസംബർ | ശാസ്ത്രാധ്യാപിക |

| | | | |
|---|---|---|---|
| 105 | ഭിന്നസംഖ്യ | ഡിസംബർ | ഗണിതാധ്യാപിക |
| 106 | മധുരവായന | ജനുവരി | ഭാഷാധ്യാപിക |
| 107 | ഡയാറിയം | ജനുവരി | ഭാഷാധ്യാപിക |
| 108 | Let's recapitulate the day | ജനുവരി | ഇംഗ്ലീഷ് അധ്യാപിക |
| 109 | നിർമിക്കാം നിഘണ്ടു | ജനുവരി | സംസ്കൃതാധ്യാപിക |
| 110 | അമൃതം ഗമയ | ജനുവരി | സംസ്കൃതാധ്യാപിക |
| 111 | ബോലോ...ബോലോ... | ജനുവരി | ഹിന്ദി അധ്യാപിക |
| 112 | ചരിത്രരചന | ജനുവരി | എസ് എസ് അധ്യാപിക |
| 113 | ജൈവവൈവിധ്യ ഉദ്യാനം ഒരു പഠനോപകരണം | ജനുവരി | ശാസ്ത്രാധ്യാപിക |
| 114 | നിർമിക്കാം... വിശദീകരിക്കാം | ജനുവരി | ശാസ്ത്രാധ്യാപിക |
| 115 | അന്വേഷിക്കാം.... പരിഹരിക്കാം | ജനുവരി | ശാസ്ത്രാധ്യാപിക |
| 116 | പഠിക്കാം .....മുന്നേറാം ..... | ജനുവരി | ശാസ്ത്രാധ്യാപിക |
| 117 | ഭിന്നസംഖ്യ | ജനുവരി | ഗണിതാധ്യാപിക |
| 118 | ഡയാറിയം | ഫെബ്രുവരി | ഭാഷാധ്യാപിക |
| 119 | Let's recapitulate the day | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപിക |
| 120 | Let's prepare a magazine | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപിക |
| 121 | നമുക്കു സംസാരിക്കാം | ഫെബ്രുവരി | സംസ്കൃതാധ്യാപിക |
| 122 | നിർമിക്കാം നിഘണ്ടു | ഫെബ്രുവരി | സംസ്കൃതാധ്യാപിക |
| 123 | അമൃതം ഗമയ | ഫെബ്രുവരി | സംസ്കൃതാധ്യാപിക |
| 124 | ബോലോ...ബോലോ... | ഫെബ്രുവരി | ഹിന്ദി അധ്യാപിക |
| 125 | നിർമിക്കാം... വിശദീകരിക്കാം | ഫെബ്രുവരി | ശാസ്ത്രാധ്യാപിക |
| 126 | അന്വേഷിക്കാം.... പരിഹരിക്കാം | ഫെബ്രുവരി | ശാസ്ത്രാധ്യാപിക |
| 127 | പഠിക്കാം .....മുന്നേറാം ..... | ഫെബ്രുവരി | ശാസ്ത്രാധ്യാപിക |
| 128 | Let's prepare a magazine | മാർച്ച് | ഇംഗ്ലീഷ് അധ്യാപിക |

# ഉപസംഹാരം

ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനീക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭിക്കുന്ന വിധത്തിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും നടപ്പിലാക്കി അവസാനത്തെ കുട്ടിയെയും മികവിലേയ്ക്കുയർത്താൻ കഴിയുമെന്നതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പ്രത്യേകത. കോവിഡ് മഹാമാരി സൃഷ്ടിച്ച പഠനവിടവും പഠനനഷ്ടവും പരിഹരിക്കാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ മനപൂർവമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്കിടയിലെ അന്തരം കുറയ്ക്കാൻ സഹായിക്കുമെന്ന പ്രതീക്ഷയോടെ ........

"വിജയിക്കാൻ ഞാൻ എടുത്ത തീരുമാനത്തിന് കരുത്തുണ്ടെങ്കിൽ പരാജയം ഒരിക്കലും എന്നെ പിന്തള്ളുകയില്ല " - ഡോ . എ പി ജെ അബ്ദുൾ കലാം

അതെ ഞങ്ങൾ തയ്യാറാക്കിയ പ്രവർത്തനങ്ങൾ ഞങ്ങളുടെ വിദ്യാലയത്തിനു വേണ്ടിയാണ്..... വിദ്യാലയത്തിലെത്തുന്ന ഓരോ കുഞ്ഞുമക്കൾക്കും വേണ്ടിയാണ്......



EDUCATION FOR ALL

Govt. U.P.S. Ooruttambalam